# പത്രക്കുറിപ്പ്

## പ്രളയ ദുരിത ബാധിതർക്ക് കൈതാങ്ങായി തിരുവനന്തപുരം സിറ്റി പോലീസും

തിരുവനന്തപുരം: സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട സംസ്ഥാനത്തിൻറെ വിവധ ഭാഗങ്ങളിലുള്ള ദുരിത ബാധിതർക്ക് അവശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ തിരുവനന്തപുരം സിറ്റി പോലീസും.

സിറ്റി പോലീസ് കമ്മീഷണർ എം.ആർ.അജിത് കുമാറിൻറെ നേതൃത്വത്തിൽ സിറ്റിയിലെ വിവധ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ മാരും പോലീസ് ഉദ്യോഗസ്ഥരും ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ബീറ്റ് ഓഫീസർമാരും, സി.ആർ.ഒ മാരും ചേർന്നാണ് ദുരിത ബാധിതർക്കുള്ള അവശ്യ സാധനങ്ങൾ ശേഖരിച്ചത്. ദുരിത മേഖലയിൽ വിതരണം ചെയ്യുന്നതിനുള്ള സാധനങ്ങൾ കയറ്റി പുറപ്പെട്ട വാഹനങ്ങൾ കമ്മീഷണർ ഓഫീസിൽ നടന്ന ചടങ്ങിൽവച്ച് കമ്മീഷണർ ഫ്ലാഗ്ഓഫ് ചെയ്തു.

സ്റ്റേഷൻ പരിധിയിലെ സന്മനസ്സുള്ളവരിൽ നിന്നും ശേഖരിച്ച അവശ്യ സാധനങ്ങൾ, പോലീസ് കമ്മീഷണർ ഓഫീസിൽ പ്രവർത്തിക്കുന്ന കളക്ഷൻ സെൻററിൽ എത്തിച്ച് തരംതിരിച്ചാണ് വിവധ ജില്ലകളിൽ എത്തിച്ച് കൊടുക്കുന്നത്. ഇത്തരത്തിൽ ലഭിച്ച അരി, പലവ്യഞ്ജനം, കുടിവെള്ളം, ബേബി ഫുഡ്, പെട്ടെന്ന് കേടാകാത്ത ആഹാരസാധനങ്ങൾ, വസ്ത്രങ്ങൾ, സാനിട്ടറി നാപ്കിനുകൾ, സോപ്പ്, മരുന്നുകൾ തുടങ്ങിയ അവശ്യ സാധനങ്ങൾ പോലീസ് ലോറികളിലും, ബസ്സുകളിലും ദുരിതമേഖലകളിലേയ്ക്ക് കയറ്റി അയച്ചു.

കഴിഞ്ഞ വർഷം ഉണ്ടായ മഹാപ്രളയത്തിലും സിറ്റി പോലീസ് ഇതുപോലെ മാതൃകാപരമായ പ്രവർത്തനം നടത്തിയിരുന്നു. സിറ്റി

പോലീസ് കമ്മീഷണർ എം.ആർ അജിത് കുമാർ, ഡി.സി.പി. ആർ.ആദിത്യ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും നല്ല സഹകരണമാണ് ലഭിക്കുന്നതെന്നും, പരമാവധി അവശ്യ സാധനങ്ങൾ ശേഖരിച്ച് പ്രളയ ദുരിത മേഖലകളിൽ വിതരണം ചെയ്യുമെന്നും കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം
17-08-2019

17/8/19

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE ★ THIRUVANANTHAPURAM CITY ★